PROCEEDINGS OF THE TRAVANCORE-COCHIN
LEGISLATIVE ASSEMBLY

SECOND SESSION—1950

Saturday, *the 21st October 1950*

Vol. II] OFFICIAL REPORT [No. 3

The Assembly met in the Legislative Chamber, Public Offices, Trivandrum, at eleven of the clock on Saturday, the 21st October 1950, with Mr. Speaker in the Chair.

ശ്രീ. എം. ഐ. പോൾ: സർ, ഒരു പോയിൻറ് ആഫ് ഇൻഫർമേഷൻ. ഇൻഡ്യൻ കാൺസ്റ്റിറ്റ്യൂഷൻ ആക്ട് ഫ ഫ ൻ-ാം വകുപ്പനുസരിച്ച് പല മെമ്പറന്മാരേയും പല കമ്മിറ്റികളിലേക്കും ഇൻഡ്യാ ഗവൺമെണ്ടു നോമിനേറു ചെയ്തിട്ടുണ്ട്. ഈ വസ്തുത ഈ അസംബ്ലി അറിയാത്ത കാര്യമാണ്. ഇതേപ്പറ്റി ഇതിനു മുമ്പൊരവസരത്തിൽ ഞാൻ ഇവിടെവെച്ചു പ്രസ്താവിക്കുകയുണ്ടായി. അപ്പോൾ സ്പീക്കർ അവർകൾ ഇങ്ങനെയുള്ള കമ്മിറ്റികളിൽ ആരെയെല്ലാമാണ് ഉൾപ്പെടുത്തിയിട്ടുള്ളതു്, ഏതെല്ലാം കമ്മിറ്റികളിലേക്കാണ് അവരെ എടുത്തിട്ടുള്ളതു് എന്നുള്ള വിശദമായ വിവരങ്ങൾ കാണിച്ചു് ഒരു സ്റ്റേറുമെൻറ് തരണമെന്നു എന്നോടാവശ്യപ്പെട്ടു. അതനുസരിച്ചു ഞാൻ ഒരു സ്റ്റേറുമെൻറും സമർപ്പിച്ചിട്ടുണ്ട്. പിന്നീടു ഇതുവരെ ഇതുസംബന്ധിച്ചു യാതൊരു തീരുമാനവും ഉണ്ടായിട്ടില്ല. അതിനു പ്രത്യേകം വല്ല കാരണവുമുണ്ടോ എന്നറിഞ്ഞാൽകൊള്ളാം.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മെമ്പർ ഹാജരാക്കിയിട്ടുള്ള സ്റ്റേറുമെൻറിലെ വിവരങ്ങൾ കൂടെയൊക്കെ പിന്നീടു ഹാജരാക്കിയിട്ടുള്ള ലിസ്റ്റിൽ ചേർത്തിട്ടുണ്ടായിരുന്നു. അതേപ്പറ്റി പൂർണ്ണവിവരങ്ങൾ അറിയുവാൻ വേണ്ട അന്വേഷണങ്ങൾ നടത്തിവരികയാണ്. ഇനിയും ചില വിവരങ്ങൾകൂടി കിട്ടാനുണ്ട്. അതു ഈ സഭയുടെ ദൃഷ്ടിയിൽ കൊണ്ടുവരത്തക്ക ഒരു പ്രശ്നമാണോ അല്ലയോ എന്നറിയത്തക്ക വിവരങ്ങൾ ഇനിയും കിട്ടിക്കഴിഞ്ഞിട്ടില്ല. ആ വിവരങ്ങൾകൂടി കിട്ടിയാലുടനെ ഈ സംഗതി ഈ സഭയെ അറിയിക്കുന്നതാണ്.

QUESTIONS AND ANSWERS

(The numbers within brackets indicate the numbers in the list of admitted questions.)

Oral Answers

സി. ഐ. ഡി. വകുപ്പ്

*ഫ. (ഫ) ശ്രീ. പി. നാണു: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി പറയുമോ.—

(എ) സി. ഐ. ഡി. വകുപ്പിൽ ഒരു ഉയർന്ന ഉദ്യോഗസ്ഥനെ ഇക്കൊല്ലം പുതുതായി നിയമിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അദ്ദേഹത്തിനു എന്തു പ്രതിഫലമാണ് കൊടുക്കുന്നതു്;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഈ ഉദ്യോഗസ്ഥന്റെ ഗ്രേഡിലുള്ള പോലീസ് ഡിപ്പാർട്ട്മെന്റിലെ മറ്റ ഉദ്യോഗസ്ഥന്മാക്ക കൊടുക്കുന്ന പ്രതിഫലം എന്താണ്;

(ഡി) ഈ ഉദ്യോഗസ്ഥന്റെ നിയമനത്തിനുശേഷം എത്ര അസാധാരണ ക്രിമിനൽ കുറ്റങ്ങൾ ഈ സംസ്ഥാനത്തു നടന്നിട്ടുണ്ട്;

(ഇ) പ്രാധാന്യമേറിയ ഏതെങ്കിലും ക്രിമിനൽ കുറ്റം ഈ ഉദ്യോഗസ്ഥൻമുഖേന കണ്ടുപിടിച്ചിട്ടുണ്ടോ;

(എഫ്) ഈ ഉദ്യോഗസ്ഥനുള്ള വിശേഷാൽ യോഗ്യതകൾ എന്തെല്ലാമാണ്?

ചീഫ് മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) ഉവ്വ്.

(ബി) പ്രതിമാസം ൪൫ രൂപാ വീതം. കൂടാതെ സൗജന്യമായി വാസസ്ഥലവും വൈദ്യസഹായവും നൽകുന്നുണ്ട്.

(സി) ൧൫൦–൨൫൦ വരെ. കൂടാതെ ൧൫ ശതമാനം ക്ഷാമബത്തയും കൊടുക്കുന്നുണ്ട്.

(ഡി) രണ്ട്. ശബരിമല ക്ഷേത്രം തീവെയ്പുകേസും, കൊട്ടാരത്തിലെ മോഷണക്കേസും.

(ഇ) ഇല്ല. അവ അന്വേഷണത്തിലിരിക്കുകയാണ്.

(എഫ്) മദ്രാസ് പോലീസ് സി. ഐ. ഡി. വകുപ്പിലെ സമർത്ഥനായ ഒരു ഉദ്യോഗസ്ഥനായിരുന്നു. കൂടാതെ ലക്ഷ്മീകാന്തം കൊലക്കേസ്, മുതലായ കേസുകളിലെ കുറ്റക്കാരെ കണ്ടുപിടിച്ചിട്ടുണ്ട്.

ശ്രീ. പി. നാണു: ഈ ഉദ്യോഗസ്ഥന്റെ ജനറൽ ക്വാളിഫിക്കേഷൻ എന്താണ്?

ശ്രീ. ടി. കെ. നാരായണപിള്ള: ജനറൽ ക്വാളിഫിക്കേഷനെപ്പറ്റി ഇപ്പോൾ മറുപടി പറയാൻ നിവൃത്തിയില്ല.

ശ്രീ. പി. നാണു: അദ്ദേഹത്തിനു ലിറ്റററി ക്വാളിഫിക്കേഷൻ വല്ലതുമുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: ലിറ്റററി ക്വാളിഫിക്കേഷൻ ഉണ്ടോ എന്നു നിശ്ചയമില്ല. എഡ്യൂക്കേഷനൽ ക്വാളിഫിക്കേഷൻ ഉണ്ട്.

ശ്രീ. പി. നാണു: ആ എഡ്യൂക്കേഷനൽ ക്വാളിഫിക്കേഷൻ എന്താണെന്നു പറയുമോ?

ശ്രീ. ടി. കെ. നാരായണപിള്ള: അതിനെപ്പറ്റി നോട്ടീസില്ലാതെ നിശ്ചിതമായ മറുപടി പറയുവാൻ നിവൃത്തിയില്ല.

ശ്രീ. പി. നാണു: അദ്ദേഹത്തിന്റെ ഗ്രേഡിലുള്ള ഇവിടത്തെ മറ്റ ഉദ്യോഗസ്ഥന്മാക്ക കൊടുത്തുവരുന്ന ശമ്പളത്തേക്കാൾ കൂടുതൽ ശമ്പളം അദ്ദേഹത്തിനു കൊടുക്കുവാൻ വല്ല പ്രത്യേക കാരണവും ഉണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: ഇപ്പോൾ കൊടുത്തുവരുന്ന ശമ്പളം അദ്ദേഹത്തിനു മദ്രാസിൽ കിട്ടിക്കൊണ്ടിരുന്ന ശമ്പളമാണ്. അദ്ദേഹത്തിന് ഇപ്പോൾ കൊടുത്തുവരുന്ന പ്രതിഫലമായ ൪൫ രൂപാ വീതത്തിൽ, ൨൫ രൂപാ മാത്രമേ ശമ്പളമുള്ളൂ. ബാക്കിയുള്ളതു അലൗൻസും, മറ്റ സ്പെഷ്യൽ അലവൻസുകളും കൂടിയാണ്.

ശ്രീ. പി. നാണു: അദ്ദേഹത്തിന്റെ എഡ്യൂക്കേഷനൽ ക്വാളിഫിക്കേഷൻ നോക്കുമ്പോൾ ഇതുപോലും കുറഞ്ഞ പ്രതിഫലം കൊടുക്കാനുള്ള യോഗ്യതയില്ലെന്നു ശ്രദ്ധിക്കേണ്ടതിനു തോന്നുന്നുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. കെ. നാരായണപിള്ള : അതു അഭിപ്രായവ്യത്യാസമുള്ള ഒരു കാര്യമാണു്.

ശ്രീ. പി. നാണു : ശബരിമല തീവെയ്പുകേസിനെപ്പറ്റിയുള്ള അദ്ദേഹത്തിന്റെ അന്വേഷണം ഇപ്പോൾ എങ്ങിനെയിരിക്കുന്നു?

ശ്രീ. ടി. കെ. നാരായണപിള്ള : പുരോഗമിച്ചുകൊണ്ടിരിക്കുന്നു.

ശ്രീ. പി. നാണു : ഈ അന്വേഷണച്ചുമതലയിൽനിന്നും തന്നെ ഒഴിവാക്കണമെന്നു അദ്ദേഹം ഗവണ്മെണ്ടിനോടാവശ്യപ്പെട്ടിട്ടുണ്ടോ ?

ശ്രീ. ടി. കെ. നാരായണപിള്ള : ഇല്ല.

ശ്രീ. എം. ഐ. പോൾ : ഗവണ്മെണ്ടു് ആരെയെങ്കിലും നിയമിക്കുമ്പോൾ അവരുടെ നിയമനം നടന്നതിനുശേഷമാണൊ അവർക്കുള്ള ലിറ്റററി കപാളിഫിക്കേഷൻ എന്താണെന്നു അന്വേഷിക്കുന്നതു്?

ശ്രീ. ടി. കെ. നാരായണപിള്ള : അല്ല.

ഡാക്ടർ എം. ഒ. ചെറിയാൻ : ലക്ഷ്മീകാന്തം കൊലക്കേസിലെ പ്രതികളെ കോടതിയിൽ വിട്ടതായി അറിയാമോ ?

ശ്രീ. ടി. കെ. നാരായണപിള്ള : പ്രിവി കൗൺസിലിൽവെച്ചു വിട്ടതായി അറിയാം.

Sri. P. Balakrishnan Tampi : May I know whether he is acting or permanent A. I. G. there?

ശ്രീ. ടി. കെ. നാരായണപിള്ള : അദ്ദേഹം അവിടത്തെ പെർമനൻറ് എ. ഐ. ജി.യാണു്.

ശ്രീ. കെ. ആർ. ഇലങ്കത്തു് : അദ്ദേഹം ഒരു സമർത്ഥനായ ഉദ്യോഗസ്ഥനാണെന്നു ഇൻഡ്യാ ഗവണ്മെണ്ടു പറഞ്ഞിട്ടു അദ്ദേഹത്തെ നിയമിച്ചതാണോ ?

ശ്രീ. ടി. കെ. നാരായണപിള്ള : അദ്ദേഹത്തെ നിയമിച്ചതു് ഈ ഗവണ്മെണ്ടാണു്. അദ്ദേഹം സമർത്ഥനാണെന്നു ഗവണ്മെണ്ടു് അറിഞ്ഞിട്ടുണ്ടു്.

ശ്രീ. പി. നാണു : സി. ഐ. ഡി.യെ സംബന്ധിച്ചു് അദ്ദേഹത്തിനു പ്രത്യേകം വല്ല കപാളിഫിക്കേഷനുമുണ്ടോ ?

ശ്രീ. ടി. കെ. നാരായണപിള്ള : അങ്ങനെ സ്പൂട്ടലൻറ് യാഡിലും മറ്റും ലഭിക്കുന്ന പ്രത്യേക കപാളിഫിക്കേഷൻ ലഭിച്ചിട്ടുള്ള ഏതെങ്കിലും ഒരു ഉദ്യോഗസ്ഥൻ ഇൻഡ്യയിൽതന്നെയുണ്ടോ എന്നു സംശയമാണു്.

ശ്രീ. ഇട്ടീര അമ്പൂക്കൻ : ഇത്ര സാമർത്ഥ്യമുള്ള ഒരു ഉദ്യോഗസ്ഥൻ നമ്മുടെ സർവ്വീസിലില്ലാഞ്ഞിട്ടാണോ മദ്രാസിൽനിന്നും വരുത്തിയിരിക്കുന്നതു്?

Mr. Speaker : That is a matter of inference.

ശ്രീ. എ. താണുപിള്ള : ഇൻഡ്യാ ഗവണ്മെണ്ടിന്റെ നിർദ്ദേശമനുസരിച്ചാണോ ഈ ഉദ്യോഗസ്ഥനെ ആദ്യമായി ഇവിടെ നിയമിച്ചതു്?

ശ്രീ. ടി. കെ. നാരായണപിള്ള : അല്ല. ഈ ഗവണ്മെണ്ടുതന്നെയാണു് അദ്ദേഹത്തിന്റെ സേവനത്തെ ആവശ്യപ്പെട്ടതു്.

ശ്രീ. എ. താണുപിള്ള : എന്താവശ്യത്തിനായിരുന്നു അദ്ദേഹത്തെ ഇവിടെ നിയമിച്ചതു്?

ശ്രീ. ടി. കെ. നാരായണപിള്ള : ആൻറി കറപ്ഷൻ സംബന്ധിച്ചു ജോലികൾക്കുവേണ്ടി.

ശ്രീ. എ. താണുപിള്ള : ആൻറി കറപ്ഷൻ വകുപ്പു് എന്തെങ്കിലും അദ്ദേഹം ചെയ്തിട്ടുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. കെ. നാരായണപിള്ള : വളരെ ചെയ്തിട്ടുണ്ട്.

ശ്രീ. കെ. ആർ. ഇലങ്കത്ത്. ശബരിമല തീവെയ്പു കേസുസംബന്ധിച്ചു ചില തെളിവുകൾ കിട്ടിയിട്ടുണ്ടെന്നു ആദ്യം ഗവണ്മെണ്ടു് പ്രസ്താവിച്ചുവെങ്കിലും ഇതുവരെ യാതൊരു തെളിവും കിട്ടിയിട്ടില്ലെന്നാണോ ഗവണ്മെണ്ടു പറയുന്നതു്?

ശ്രീ. ടി. കെ. നാരായണപിള്ള : ആ ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. എ. താണുപിള്ള : ഇന്നു ഇവിടെ ആൻറി കറപ്ഷൻ സംബന്ധിച്ചു ജോലി എന്തെങ്കിലും ചെയ്യുന്നുണ്ടോ ?

ശ്രീ. ടി. കെ. നാരായണപിള്ള : ഉണ്ടു്. അദ്ദേഹം ആ ജോലിക്കുടി ചെയ്യുവരുന്നു. എന്നാൽ, ഒന്നരമാസമായി ശബരിമല തീവെയ്പു സംബന്ധിച്ചു ജോലിമാത്രം ചെയ്യുവാനാണു ചുമതലപ്പെടുത്തിയിട്ടുള്ളതു്.

ശ്രീ. എസ്സു്. കുട്ടൻ : അദ്ദേഹത്തിൻറെ നിയമനം ഈ ഡിപ്പാർട്ടുമെണ്ടിലുള്ള മറ്റു ഉദ്യോഗസ്ഥന്മാരുടെ സീനിയാറിട്ടിയെ ബാധിക്കുന്നുണ്ടോ ?

ശ്രീ. ടി. കെ. നാരായണപിള്ള : ഒരുകാലത്തും ബാധിക്കുകയില്ല.

ശ്രീ. പി. നാണു : പബ്ലിക്കു് സർവ്വീസു് കമ്മീഷനുമായി ആലോചിച്ചു കൊണ്ടാണോ അദ്ദേഹത്തെ നിയമിച്ചിട്ടുള്ളതു്?

ശ്രീ. ടി. കെ. നാരായണപിള്ള : ഇതു കേവലം ഡെപ്യൂട്ടേഷൻ ആയതു കൊണ്ടു പബ്ലിക്കു് സർവ്വീസു് കമ്മീഷനുമായി ആലോചിക്കേണ്ട ആവശ്യമില്ല.

കഴക്കൂട്ടം പോലീസ് ഇൻസ്പെക്ടർ

*൨ (൧) ശ്രീ. പി. നാണു: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമനപ്പെട്ട ചീഫ്മിനിസ്റ്റർ സദയം മറുപടി പറയുമോ.—

(എ) കഴക്കൂട്ടം പോലീസ് ഇൻസ്പെക്ടരായിരുന്ന ഒരു ഉദ്യോഗസ്ഥനെ സസ്പെൻറു ചെയ്തിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്തു കുറ്റത്തിനായാട്ടാണു;

(സി) ഈ ഉദ്യോഗസ്ഥനെ സസ്പെൻറു ചെയ്യുന്നതിനു് എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ടു്;

(ഡി) ഏതെങ്കിലും ഉദ്യോഗസ്ഥൻറെ പേരിൽ ക്രിമിനൽ പ്രാസിക്യൂഷൻ നടക്കുമ്പോൾ ആ പ്രാസിക്യൂഷനു അടിസ്ഥാനമായ സംഗതിക്കു് ആ ഉദ്യോഗസ്ഥനെ ശിക്ഷിക്കുന്ന കീഴ്നടപ്പുണ്ടോ?

ചീഫ്മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള:)

(എ) ഉണ്ടു്.

(ബി) തന്നെ അടിച്ചു എന്നു് പി. ഠി. ദേവസ്യാ (അഡ്വക്കേറ്റു്) പരാതിപ്പെട്ടതിന്മേൽ.

(സി) പരാതിയന്വേഷണത്തിനു വിധേയമായി സസ്പെൻറു ചെയ്തതിനു ശേഷം യാതൊരു പ്രത്യേക നടപടികളും കൈക്കൊണ്ടിട്ടില്ല.

(ഡി) ഓരോ കേസിലെയും സ്വഭാവമനുസരിച്ചായിരിക്കും വേണ്ട നടപടികൾ സ്വീകരിക്കുന്നതു്.

ശ്രീ. പി. നാണു: ദേവസ്യയെ ഉപദ്രവിച്ചു എന്നു പറയുന്നതു എവിടെ വച്ചാണു്? ആഫീസിൽവച്ചോ, അതോ വീട്ടിൽ വച്ചോ?

Sri. P. Balakrishnan Tampi: I rise to a point of order, whether this is not a ma ter *sub-judice.*

Sri. T. K. Narayana Pillai: It is *sub-judice.*

LIBRARY ARCHIVES Kerala Legislative Assembly